പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1597 | 16/03/2015 ൽ മറുപടിക്ക്

താറാവുകളെ കൊന്നൊടുക്കിയ വകയിൽ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) വൻതോതിൽ താറാവുകളെ കൊന്നൊടുക്കുവാനുണ്ടായ സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന്റെ ഒരു കി.മി. ചുറ്റളവിലെ താറാവുകളെയും മറ്റു പക്ഷികളെയും കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കൊന്നൊടുക്കിയത്. |
| ബി) ഇക്കാര്യത്തിൽ കർഷകർക്ക് എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചു നൽകിയത്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | ബി) ആലപ്പുഴ - 36443150 രൂപ<br>കോട്ടയം - 4450000 രൂപ<br>പത്തനംതിട്ട - 1043600 രൂപ<br>കൊല്ലം - 225380 രൂപ<br>ആകെ - 42162130 രൂപ |
| സി) ഇത്തരം സ്ഥിതിവിശേഷം തുടർന്നും സംഭവിയ്ക്കാതിരിക്കുവാൻ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) പക്ഷിപ്പനി, വായുമാർഗ്ഗം പകരാവുന്ന രോഗമായതിനാൽ ദേശാടനപക്ഷികൾ ധാരാളമായി കേരളത്തിൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ പക്ഷിപ്പനി പൂർണ്ണമായി തടയുക അപ്രായോഗികമാണ്. എന്നാൽ ദേശാടനപക്ഷികൾ സ്ഥിരമായി വരുന്ന സ്ഥലങ്ങളിൽ അവയെ നിരീക്ഷിക്കുവാനും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് |

ലബോറട്ടറിയിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം രോഗം കാലേക്കൂട്ടി കണ്ടെത്തിയാൽ ആയത് പടർന്നുപിടിയ്ക്കാതിരിക്കുവാനുള്ള നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിന് സാധിക്കും.

സെക്ഷൻ ഓഫീസർ